## പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2852 20.06.2013 ൽ മറുപടിക്ക്

### സംഭരിച്ച നെല്ലിന്റെ വില

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. ജി. സുധാകരൻ: | | ശ്രീ. അനൂപ് ജേക്കബ് (ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി ) |
| (എ) | പുഞ്ചകൃഷി കഴിഞ്ഞ് ആലപ്പുഴ ജില്ലയിൽ നിന്നും എത്ര ടൺ നെല്ല് സംഭരിച്ചു; സംഭരണവില കിലോയ്ക്ക് എത്ര രൂപയായിരുന്നുവെന്ന് അറിയിക്കാമോ; | (എ) | പുഞ്ചകൃഷി കഴിഞ്ഞ് ആലപ്പുഴ ജില്ലയിൽ നിന്നും 12.06.2013 വരെ 100386.322 മെ.ടൺ നെല്ല് സംഭരിച്ചു. സംഭരണവില കിലോയ്ക്ക് 17 രൂപയായിരുന്നു. |
| (ബി) | കർഷകർക്ക് നെല്ല് സംഭരിച്ച ഇനത്തിൽ എന്തു തുക നൽകാനുണ്ട്; പാഡിമാർക്കറ്റിംഗ് ഓഫീസ് അടിസ്ഥാനത്തിൽ വ്യക്തമാക്കാമോ; | (ബി) | നെല്ല് സംഭരിച്ച ഇനത്തിൽ കർഷകർക്ക് 12.06.2013 വരെ 66,90,04,947/- രൂപ നൽകുവാനുണ്ട്. പാഡി മാർക്കറ്റിംഗ് ഓഫീസ് അടിസ്ഥാനത്തിലുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു. |
| (സി) | നെല്ല് സംഭരിച്ച് മാസങ്ങളായിട്ടും കർഷകർക്ക് വില നൽകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ നെല്ല് സംഭരിച്ച് പത്ത് ദിവസത്തിനകം നെല്ലിന്റെ വില നൽകാൻ നടപടി സ്വീകരിക്കുമോ? | (സി) | ഒരു കർഷകന്റെ പരാതി ലഭിച്ചിട്ടുണ്ട്. സമയബന്ധിതമായി കർഷകർക്ക് നെല്ലിന്റെ വില നൽകുവാനായി സപ്ലൈകോ പൊതുമേഖല / സഹകരണ ബാങ്കുകളുമായി ധാരണാ പത്രം ഉണ്ടാക്കുകയും അത് പ്രകാരം കർഷകർ ഹാജരാക്കുന്ന പാഡി റസിപ്റ്റ് ഷീറ്റ് സ്വീകരിച്ച് ടി ബാങ്കുകൾ നെല്ലിന്റെ വില 'ലോൺ അക്കൗണ്ട്' തുറന്നിട്ടുള്ള കർഷകരുടെ |

അക്കൗണ്ടുകളിലേക്ക് 3 ദിവസം മുതൽ ഒരാഴ്ചയ്ക്കുള്ളിൽ മാറ്റുകയും ചെയ്തുവരുന്നു. പരാതിപ്പെട്ട കർഷകൻ നിർദ്ദേശപ്രകാരം ലോൺ അക്കൗണ്ട് ഓപ്പൺ ചെയ്തിരുന്നെങ്കിൽ നെല്ലിന്റെ വില ഒരാഴ്ചയ്ക്കുള്ളിൽ ലഭിക്കുമായിരുന്നു. കൃത്യമായ രേഖകളുടെ അഭാവത്തിലും ചിലയിടങ്ങളിൽ ചില കർഷകർക്ക് നെല്ലിന്റെ വില നൽകുവാനുണ്ട്. പ്രസ്തുത തുക രണ്ടാഴ്ചയ്ക്കുള്ളിൽ കൊടുത്തുതീർക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചു കഴിഞ്ഞു.

Beena

സെക്ഷൻ ഓഫീസർ

അനുബന്ധം

**Details of 2012-13 second season Paddy procurement. Payment and pendancy**

| Paddy payment Office | District | Quantity procured (in Qtl) | Value (Rs) | Total Value (Rs) | Amount paid (Rs) | Amount pending (Rs) |
|---|---|---|---|---|---|---|
| **Palakkad** | Palakkad | 356881.63 | 606698771 | 606698771 | 606698771 | 0 |
| **Thrissur** | Thrissur | 391845.6 | 666137520 | 666137520 | 662507680 | 3629840 |
| **Alappuzha** | Alappuzha | 1003796.27 | 1706453659 | 1798677928 | 1111940950 | 594512709 |
| | Pta | 54249.57 | 92224269 | | 33551489 | 58672780 |
| **Kottayam** | Ernakulam | 11991.62 | 20385754 | 622304584 | 20385754 | 0 |
| | Kottayam | 353869.57 | 601578269 | | 596172603 | 5405666 |
| | Idukki | 200.33 | 340561 | | 340561 | 0 |
| **Trivandrum** | Trivandrum | 1485.33 | 2525061 | 5452750 | 2252347 | 272714 |
| | Kollam | 1722.17 | 2927689 | | 2109972 | 817717 |
| **Kozhikode** | Kozhikode | 1758.96 | 2990232 | 59845236 | 2872303 | 117929 |
| | Malappuram | 31532.95 | 53606015 | | 48038413 | 5567602 |
| | Wayanad | 434.38 | 738446 | | 730456 | 7990 |
| | Kannur | 830.95 | 1412615 | | 1412615 | 0 |
| | Kasargode | 645.84 | 1097928 | | 1097928 | 0 |
| **Total** | | **2211245.17** | **3759116789** | **3759116789** | **3090111842** | **669004947** |

Beena
സെക്ഷൻ ഓഫീസർ